**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4056** **27-10-2021 - ൽ മറുപടിയ്ക്ക്**

**നായ്ക്കളെ വളർത്തുന്നതിനുള്ള ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ . ഷംസുദ്ദീൻ,**<br>**ശ്രീ. പി . ഉബൈദുള്ള ,**<br>**ശ്രീ. നജീബ് കാന്തപുരം,**<br>**ശ്രീ. ടി. വി. ഇബ്രാഹിം** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നഗര, ഗ്രാമ വ്യത്യാസമില്ലാതെ തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഏതാണ്ട് എട്ട് ലക്ഷത്തിലധികം പേർക്ക് നായയുടെ കടിയേറ്റതായുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | തെരുവുനായ്ക്കളുടെ ശല്യം പരിഹരിക്കുന്നതിനായി അനിമൽ ബർത്ത് കൺട്രോൾ പദ്ധതി നടപ്പിലാക്കി വരുന്നു. തെരുവിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായകളെ പിടികൂടി വന്ധീകരണത്തിന് വിധേയമാക്കി പിടികൂടിയ സ്ഥലത്ത് തന്നെ തിരിച്ചുവിടുന്ന പ്രവൃത്തിയാണ് പദ്ധതിയിൽ അവലംബിച്ചിരിക്കുന്നത്. അതോടൊപ്പം തെരുവുനായകളുടെ ആക്രമണത്തിന് ഇരയായ വ്യക്തികൾക്ക് ബഹു.(റിട്ട) ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. |
| (സി) | നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 437 പ്രകാരവും വളർത്തുനായകൾക്ക് ലൈസൻസ് എടുക്കേണ്ടതുണ്ട്. അതോടൊപ്പം ബഹു.ഹൈക്കോടതിയുടെ WP(C) No. 13204/2021 നമ്പർ കേസിൽ 14.07.2021 ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 08.08.2021 ൽ ആർസി3/241/2021/ തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിൽ വളർത്തുനായകൾക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലൈസൻസ് കരസ്ഥമാക്കണ മെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സർക്കുലറിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുവാൻ |

| | | | |
|---|---|---|---|
| | | | വകുപ്പുമേധാവികൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ